(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) കഴിഞ്ഞ ഫെബ്രുവരി-മാർച്ച് മാസങ്ങളിലായി ടെക്നിക്കൽ അസിസ്റ്റന്റുമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, സീനിയർ മെഡിക്കൽ ആഫീസർമാർ എന്നീ വിഭാഗങ്ങളിലുള്ളവർക്ക് സംസ്ഥാനതലത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇതുപോലെ ജില്ലാ തലത്തിലും ഡോക്ടർമാർക്കും, ഫീൽഡ് വർക്കേഴ്സിനും, പ്രൈവറ്റ് ഡോക്ടേഴ്സിനും പരിശീലനം നൽകിയിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) രോഗപ്രതിരോധ നടപടികൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. എല്ലാ ആശുപത്രികളിലും ഫീവർ ക്ലീനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ശുചീകരണ, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയതോടൊപ്പം വ്യാപകമായ ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കിവരുന്നു.

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള ബോധവൽക്കരണം

93 (2218) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന ഡെങ്കിപ്പനി, മലേറിയ, ജപ്പാൻജ്വരം, എലിപ്പനി എന്നിവയ്ക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള എന്തെങ്കിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(ബി) മേൽപ്പറഞ്ഞ പകർച്ചവ്യാധികൾ നിർണ്ണയിക്കുന്നതിന് ഏതൊക്കെ ആരോഗ്യ കേന്ദ്രങ്ങളിലാണ് ഇപ്പോൾ സംവിധാനമുള്ളത് ; രോഗനിർണ്ണയത്തിൽ കാലതാമസം ഉണ്ടാകുന്നുവെന്ന പരാതിയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത രോഗങ്ങളുമായി ബന്ധപ്പെട്ട് ഇപ്പോൾ സംസ്ഥാനത്താകെ എത്ര രോഗികൾ ചികിത്സയിലുണ്ടെന്നും ഇവ ഓരോന്നും ബാധിച്ച് എത്ര മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമുള്ളതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭിക്കുമോ ;

(ഡി) കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഈ രോഗങ്ങളുടെ എത്ര കേസുകൾ വീതം സംസ്ഥാനത്താകെ റിപ്പോർട്ട് ചെയ്യപ്പെട്ടുവെന്നും എത്ര മരണമുണ്ടായെന്നുമുള്ളതിന്റെ വിശദാംശംകൂടി ലഭിക്കുമോ ;

(ഇ) കഴിഞ്ഞ വർഷം എന്തെങ്കിലും ബോധവൽക്കരണ പ്രായോഗിക പ്രവർത്തനങ്ങൾ ഈ രോഗ പ്രതിരോധത്തിനായി നടത്തിയിരുന്നോ എന്ന് കൂടി വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ആരോഗ്യവകുപ്പിന്റെ കീഴിലുള്ള മാസ് മീഡിയ വിഭാഗം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രവർത്തിച്ചു വരുന്നുണ്ട്. മൈക്ക് അനൗൺസ്മെന്റ് എല്ലാ പഞ്ചായത്തുകളിലും നടത്തുന്നുണ്ട്. നോട്ടീസ്, സിനിമാ, സ്ലൈഡ് എന്നീ ശ്രവ-ദൃശ്യമാദ്ധ്യമങ്ങളിൽകൂടിയും വിവിധ വകുപ്പുകൾ വഴിയും ബോധവൽക്കരണ പരിപാടികൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

(ബി) മലമ്പനി നിർണ്ണയത്തിനുള്ള സൗകര്യം എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സർക്കാർ ആശുപത്രികളിലും, പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ എന്നിവിടങ്ങളിലും ലഭ്യമാണ്. ഡെങ്കിപ്പനി, എലിപ്പനി, ജപ്പാൻ ജ്വരം എന്നീ രോഗങ്ങൾ നിർണ്ണയിക്കുന്നതിനുള്ള എലിസാടെസ്റ്റിനുള്ള സൗകര്യം മെഡിക്കൽ കോളേജുകൾ, ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമാണ്. രോഗനിർണ്ണയത്തിനുള്ള കാലതാമസം ഒഴിവാക്കുന്നതിലേക്കായി പരിശോധനാ കിറ്റുകൾ, മറ്റ് ലബോറട്ടറി സാധനങ്ങൾ എന്നിവ വാങ്ങുന്നതിന് ആവശ്യമായ തുക വിതരണം ചെയ്യുകയും സുഗമമായ പ്രവർത്തനത്തിനാവശ്യമായ മറ്റ് നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) മലമ്പനി, ഡെങ്കിപ്പനി, ജപ്പാൻ ജ്വരം തുടങ്ങിയ കൊതുകുജന്യ രോഗങ്ങളുടെ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി ഒരു മാസം നീണ്ടുനിന്ന മലമ്പനി നിർമ്മാർജ്ജന മാസാചരണം കഴിഞ്ഞവർഷവും ജൂൺ-ജൂലായ് മാസങ്ങളിൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണം കേരളത്തിലും നടത്തിയിരുന്നു. ഇതിന്റെ ഭാഗമായി പ്രത്യേക രോഗനിർണ്ണയ ക്യാമ്പുകൾ, കൊതുകുനിയന്ത്രണ പദ്ധതികൾ, സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്വിസ്മൽസരങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ, അമ്മമാർക്കുവേണ്ടി ചർച്ചാ ക്ലാസ്സുകൾ, സെമിനാറുകൾ പ്രവൃത്തിപരിചയ മേളകൾ, ജീവനക്കാർക്കായി വിവിധ തലത്തിൽ പരിശീലനങ്ങൾ എന്നിവ സംഘടിപ്പിക്കുകയുണ്ടായി.

കൂടാതെ വിവിധ മാധ്യമങ്ങൾ മുഖേന സന്ദേശങ്ങൾ നൽകുകയും വിവിധ ലഘുലേഖകൾ, നോട്ടീസ്, കോർണർ ബോർഡുകൾ എക്സിബിഷനുകൾ എന്നിവയും സംഘടിപ്പിച്ചിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly